# കേരള ലളിതകലാ അക്കാദമി, തൃശൂർ

ഹെഡ് ഓഫീസ്, തൃശൂർ : ഫോൺ : 0487-2333773

ഡർബാർഹാൾ കലാകേന്ദ്രം : 0484-2367748, ആർട്ട് ഗ്യാലറി, കോഴിക്കോട് : 0495-2723352

## എറണാകുളം ഡർബാർഹാൾ കലാകേന്ദ്രം, തൃശൂർ ആർട്ട് ഗ്യാലറി, കോഴിക്കോട് ആർട്ട് ഗ്യാലറി ബുക്ക് ചെയ്യുന്നതിനുള്ള അപേക്ഷാഫോറം

1. പ്രദർശനം നടത്തുന്നതിന് ആവശ്യമുള്ള ഗ്യാലറി ഭാഗം (ആവശ്യമുള്ളത് ✔ ചെയ്യുക) : 

   ദർബാർ ഹാൾ കലാകേന്ദ്രം | എ | ബി | സി | ഡി |

   ആർട്ട് ഗ്യാലറി, കോഴിക്കോട് | എ | ബി | ഡി | ഇ |

   ആർട്ട് ഗ്യാലറി, തൃശൂർ

2. ബുക്കിംഗ് ആവശ്യമുള്ള തീയതികൾ/ദിവസങ്ങൾ : **വർഷം** **മാസം** **തീയതി** **ദിവസം**

3. പ്രദർശിപ്പിക്കുന്ന കലാവസ്തുക്കളുടെ എണ്ണം (ഏകദേശം) :

4. പ്രദർശിപ്പിക്കുന്ന കലാവസ്തുവിന്റെ മാദ്ധ്യമം (മീഡിയം) :

5. പ്രദർശിപ്പിക്കപ്പെടുന്ന കലാവസ്തുക്കളുടെ രചയിതാവ്/രചയിതാക്കൾ (കൂടുതൽ വ്യക്തികൾ ഉണ്ടെങ്കിൽ ലിസ്റ്റ് ഉള്ളടക്കം ചെയ്യുക) :

| നം. | കലാകാരന്മാർ | പ്രസ്തുത ഗ്യാലറിയിൽ ഈ വർഷം ചെയ്തിട്ടുള്ള പ്രദർശനങ്ങളുടെ എണ്ണം |
|---|---|---|
| | | |

6. പ്രദർശനം സംഘടിപ്പിക്കുന്ന ആളിന്റെ/സംഘടനയുടെ/സ്ഥാപനത്തിന്റെ പേരും വിലാസവും (പിൻകോഡ് സഹിതം) :

7. ഫോൺ നമ്പർ :

8. ഇ-മെയിൽ :

(മറുപുറം)

## *ഗ്യാലറി അനുവദിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ*

1. ഫോൺ മുഖേന ബുക്കിങ്ങ് അനുവദിക്കില്ല. ഇ-മെയിൽ മുഖേനയും തപാൽ മുഖേനയും അപേക്ഷിക്കാവുന്നതാണ്. ഇ-മെയിൽ ആയയ്ക്കുന്നവർ (ദർബാർ ഹാൾ കലാകേന്ദ്രം, കോഴിക്കോട് ആർട്ട് ഗ്യാലറി, തൃശൂർ ആർട്ട് ഗ്യാലറി) തപാൽ വഴി ഫോട്ടോകൾ അയയ്ക്കേണ്ടതാണ്. 'സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശൂർ - 680 020' എന്ന മേൽ വിലാസത്തിൽ ഒരാഴ്ചയ്ക്കകം അയയ്ക്കേണ്ടതാണ്.

2. 2021-2022 സാമ്പത്തിക വർഷം മുതൽ 6 മാസം വീതം വരുന്ന രണ്ട് ഘട്ടങ്ങളായി മാത്രമേ ബുക്കിംഗ് അനുവദിക്കുകയുള്ളൂ.

   എ) ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ബുക്കിംഗ് ജനുവരി 1 മുതൽ 31 വരെ ആയിരിക്കും.

   ബി) ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബുക്കിംഗ് ജൂലൈ 1 മുതൽ 31 വരെ ആയിരിക്കും.

3. ദർബാർ ഹാൾ കലാകേന്ദ്രം, തൃശൂർ, കോഴിക്കോട് ആർട്ട് ഗ്യാലറികളുടെ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിനോടൊപ്പം പ്രദർശിപ്പിക്കുന്ന ചിത്രങ്ങളുടെ ഫോട്ടോ 6 X 4 സൈസിൽ 6 ഫോട്ടോകൾ ഒട്ടിച്ച് ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. കോഴിക്കോട് ആർട്ട് ഗ്യാലറി, എറണാകുളം ദർബാർഹാൾ കലാകേന്ദ്രത്തിലെ ഗ്യാലറികൾ വാടകക്ക് ഏറ്റവും കുറഞ്ഞത് അഞ്ച് ദിവസത്തേയ്ക്ക് മാത്രമേ അനുവദിക്കുകയുള്ളൂ. (അഞ്ച് ദിവസം ലഭ്യമല്ല എങ്കിൽ കുറഞ്ഞ ദിവസം അനുവദിക്കും) മറ്റ് ഗ്യാലറികൾ കുറഞ്ഞത് നാല് ദിവസം മാത്രമേ അനുവദിയ്ക്കുകയുള്ളൂ.

5. കോഴിക്കോട് ആർട്ട് ഗ്യാലറിയിലെയും എറണാകുളം ദർബാർഹാൾ കലാകേന്ദ്രത്തിലെയും ഗ്യാലറികളുടെ പ്രദർശന സമയം രാവിലെ 11.00 മുതൽ വൈകീട്ട് 7.00 മണി വരെയാണ്. മറ്റ് ഗ്യാലറികൾ രാവിലെ 10.00 മുതൽ വൈകീട്ട് 6.30 വരെയാണ്.

6. അക്കാദമിയിൽ നിന്ന് ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം മുഴുവൻ ഗ്യാലറി വാടകയും, പ്രദർശന ദിവസത്തിന് മുൻപ് ഡെപ്പോസിറ്റ് തുകയും അടയ്ക്കേണ്ടതാണ്. പ്രദർശിപ്പിക്കുന്ന വ്യക്തി പ്രദർശനം റദ്ദാക്കുമ്പോൾ സംഖ്യ തിരികെ നൽകുന്നതല്ല. ഗ്യാലറി വാടക അടച്ചതിന് ശേഷം ബുക്കിംഗ് തീയതി മാറ്റുന്നതിന് അനുവദിക്കുകയില്ല. ഗ്യാലറിക്കോ ഗ്യാലറിയിലെ സാധന സാമഗ്രികൾക്കോ എന്തെങ്കിലും കേടുപാടുകൾ വരുത്തുന്ന പക്ഷം നഷ്ടപരിഹാരം ഡെപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്നതാണ്. പ്രദർശനവസ്തുക്കൾ ഗ്യാലറിയിൽ നിന്ന് തിരിച്ചെടുത്തതിനുശേഷം മാത്രമെ ഡെപ്പോസിറ്റ് തുക തിരികെ നൽകൂ. പ്രദർശനം അവസാനിക്കുന്ന ദിവസം വൈകുന്നേരം പ്രദർശനവസ്തുക്കൾ തിരിച്ചെടുത്തിരിയ്ക്കണം. പ്രദർശനം മൂലം ഡെപ്പോസിറ്റ് തുകയിലും അധികരിക്കുന്ന നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം തുക പൂർണ്ണമായി ഒടുക്കിയ ശേഷം മാത്രമെ വർക്കുകൾ കൊണ്ടുപോകാൻ അനുവദിയ്ക്കുകയുള്ളൂ.

7. അക്കാദമിയുടെ പരിപാടികളോ മറ്റ് സർക്കാർ നിർദ്ദേശിക്കുന്ന പരിപാടികളോ ഗ്യാലറിയിൽ നടത്തേണ്ട ആവശ്യം വരികയാണെങ്കിൽ ബുക്കിംഗ് റദ്ദാക്കുവാനോ തീയതിയിൽ മാറ്റം വരുത്താനോ അക്കാദമി സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും.

8. ഗ്യാലറിയിൽ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന രീതിയിൽ മാറ്റം വന്നിരിക്കുന്നതിനാൽ ഗ്യാലറി നേരിൽ കണ്ട് പ്രദർശന രീതി ഉറപ്പ് വരുത്തേണ്ടതാണ്. ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് അധികം സമയം കണ്ടെത്തേണ്ടതുണ്ട്. ചിത്രങ്ങൾ പ്രദർശനസജ്ജമാക്കുന്നതിന് (ഡിസ്പ്ലേയ്ക്ക്) പകൽ സമയം മാത്രമെ അനുവദിക്കുകയുള്ളൂ. രാത്രി 7.00 മണി കഴിഞ്ഞാൽ ഗ്യാലറി തുറന്നു തരുന്നതല്ല. ചുമരിൽ ആണി അടിക്കുവാൻ പാടില്ല. എറണാകുളം ദർബാർഹാൾ കലാകേന്ദ്രത്തിലും കോട്ടയം ആർട്ട് ഗ്യാലറിയിലും ഡ്രിൽ മിഷൻ ഉപയോഗിച്ച് സ്ക്രൂ ചെയ്ത് വേണം ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ. ഡിസ്പ്ലെയുടെ കൃത്യതയ്ക്കുവേണ്ടി ഓഫീസിൽ നിന്നുള്ള നിർദ്ദേശാനുസരണമായിരിക്കണം ഡിസ്പ്ലെ ചെയ്യുവാൻ.

9. തൃശൂർ, കായംകുളം എന്നിവ ഒഴികെയുള്ള ആർട്ട് ഗ്യാലറികൾ തിങ്കളാഴ്ചയും കോട്ടയം ആർട്ട് ഗ്യാലറി ഞായറാഴ്ചയും അവധിയായിരിക്കും. സർക്കാർ അവധി ദിവസങ്ങളിൽ ഗ്യാലറി ഉപയോഗിക്കുന്നവർ ഒരു അക്കാദമി ഉദ്യോഗസ്ഥന്റെ പകൽ സമയത്തെ സേവനത്തിന് 250/- രൂപ അധികവേതനമായി നൽകേണ്ടതാണ്.

10. ഗ്യാലറിയിൽ നിലവിലുള്ള സജ്ജീകരണങ്ങൾക്ക് യാതൊരു വ്യതിയാനവും വരുത്തുവാൻ അനുവദിക്കുന്നതല്ല. ഗ്യാലറി ഉദ്യോഗസ്ഥന്റെ അനുവാദത്തോടെ ഗ്യാലറി ജീവനക്കാർ മാത്രമെ ലൈറ്റുകളുടെ ദിശ മാറ്റാൻ പാടുള്ളൂ. ഒരു പ്രദർശനത്തിന് ഒരു പ്രാവശ്യം മാത്രമെ ലൈറ്റുകളുടെ ദിശകൾ മാറ്റാൻ അനുവദിക്കൂ. അപ്പപ്പോഴുള്ള അഭിപ്രായത്തിനനുസരിച്ച് ലൈറ്റുകൾക്ക് മാറ്റം വരുത്തൽ അനുവദിക്കുന്നതല്ല.

11. ഓഫീസിന്റെ പ്രവർത്തനത്തിന് തടസ്സമാകുന്ന വിധത്തിൽ സംഗീതോപകരണങ്ങൾ പ്രവർത്തിപ്പിക്കാനോ, ഗ്യാലറിക്കുള്ളിൽ സമ്മേളനമോ ചായസൽക്കാരമോ നടത്തുവാൻ പാടുള്ളതല്ല. ഗ്യാലറിയ്ക്കുള്ളിൽ കലാസൃഷ്ടികൾ ഒഴികെ ഒന്നും തന്നെ വയ്ക്കുവാൻ പാടില്ല. ചുമരിൽ സ്റ്റിക്കറോ, ടേപ്പോ ഒട്ടിക്കാൻ പാടില്ല. 'Blue Tack' ഉപയോഗിക്കാവുന്നതാണ്. ഗ്യാലറിയുടെ ഗേറ്റിന് കുറുകെ ബാനർ കെട്ടുവാൻ പാടില്ല. ഒരു പ്രദർശനത്തിന് ഒരു ബാനർ മാത്രമെ മുൻവശത്ത് കെട്ടുവാൻ പാടുള്ളൂ. ഗ്യാലറിയുടെ കോമ്പൗണ്ടിൽ പ്രദർശനത്തിന്റെ ഒരു ബോർഡ് അനുവദിയ്ക്കുന്നതാണ്. മറ്റു ബാനറുകളോ കൊടി തോരണങ്ങളോ അനുവദിക്കുന്നതല്ല.

12. ജനറേറ്റർ ലഭ്യമായ ഗ്യാലറിയിൽ ജനറേറ്റർ ഉപയോഗിക്കുന്നതിന് മണിക്കൂറിന് എത്ര തുക എന്നത് ചുവടെ ചേർക്കുന്നു.

   തൃശൂർ ആർട്ട് ഗ്യാലറി 100/- രൂപ മണിക്കൂറിന്

   **ദർബാർ ഹാൾ കലാകേന്ദ്രം**

   'എ' ഗ്യാലറി - 125/- രൂപ മണിക്കൂറിന്

   'ബി' ഗ്യാലറി - 200/ രൂപ മണിക്കൂറിന്

   'സി' ഗ്യാലറി - 125/- രൂപ മണിക്കൂറിന്

   'ഡി' ഗ്യാലറി - 250/- രൂപ മണിക്കൂറിന്

13. ഏ സിയുള്ള ഗ്യാലറികളിൽ മണിക്കൂറിന് എത്ര തുക എന്നത് ചുവടെ ചേർക്കുന്നു.

**ദർബാർ ഹാൾ കലാകേന്ദ്രം**

‘എ’ ഗ്യാലറി - 125/- രൂപ മണിക്കൂറിന്

‘ബി’ ഗ്യാലറി - 200/ രൂപ മണിക്കൂറിന്

‘സി’ ഗ്യാലറി - 125/- രൂപ മണിക്കൂറിന്

‘ഡി’ ഗ്യാലറി - 250/- രൂപ മണിക്കൂറിന്

14. പ്രദർശനത്തിനായി ജനറേറ്റർ ഉപയോഗിച്ച് ഏ സി പ്രവർത്തിപ്പിക്കുന്നതല്ല.

15. അക്കാദമിയുടെ സൗണ്ട് സിസ്റ്റം ഉള്ള ഗ്യാലറികളിൽ സിസ്റ്റം ഉപയോഗിക്കുന്നതിന് 300/- രൂപ വാടകയും 200/- രൂപ ഓപ്പറേറ്റിംഗ് ചാർജ്ജും നൽകേണ്ടതാണ്.

16. പ്രദർശന ആവശ്യങ്ങൾക്കായി അക്കാദമി ശേഖരത്തിലുള്ള സാമഗ്രികൾ (പെഡസ്റ്റൽ, ബോർഡ് മുതലായവ) ഉപയോഗിക്കുന്നപക്ഷം പ്രദർശനത്തിനുശേഷം മേൽ പറഞ്ഞവ യഥാസ്ഥാനത്ത് തിരികെ ഏൽപിക്കേണ്ടതാണ്.

17. ഒരു വ്യക്തിക്ക് ഒരു വർഷം ഒരു തവണ മാത്രം ഏകാംഗപ്രദർശനത്തിനും രണ്ട് തവണ മാത്രം ഗ്രൂപ്പ് പ്രദർശനത്തിനും ദർബാർ ഹാൾ കലാകേന്ദ്രം, കോഴിക്കോട് ആർട്ട് ഗ്യാലറി, തൃശൂർ ആർട്ട് ഗ്യാലറി എന്നിവ അനുവദിക്കുകയുള്ളൂ.

18. ഗ്രൂപ്പ് പ്രദർശനം നടത്തുന്നവർ പങ്കെടുക്കുന്ന വ്യക്തികളുടെ മുഴുവൻ പേരും അവർ ഇതേ ഗ്യാലറിയിൽ പ്രസ്തുത വർഷം പങ്കെടുത്ത പ്രദർശനത്തിന്റെ വിവരം അപേക്ഷയോടൊപ്പം നൽകണം.

മേൽ പറഞ്ഞ നിബന്ധനകൾ ഞാൻ സമ്മതിച്ചിരിക്കുന്നു.

സ്ഥലം :                                                   അപേക്ഷകന്റെ ഒപ്പ്

തീയതി :                                                   പേരും മേൽവിലാസവും

മേൽ പറഞ്ഞ തീയതികളിൽ ഗ്യാലറി അനുവദിക്കുന്നു / അപേക്ഷ തിരസ്ക്കരിക്കുന്നു.

**മാനേജർ**                                                   **സെക്രട്ടറി**

## ഗ്യാലറി, വാടക, ഡെപ്പോസിറ്റ് വിവരങ്ങൾ

| | ഗ്യാലറി വാടക | ഡെപ്പോസിറ്റ് |
|---|---|---|
| **ഡർബാർഹാൾ ആർട്ട് സെന്റർ, എറണാകുളം. (0484-2367748)** | | |
| താഴത്തെ നില ‘എ’ ഗ്യാലറി | 400 | 800 |
| താഴത്തെ നില ‘ബി’ ഗ്യാലറി | 700 | 1400 |
| താഴത്തെ നില ‘സി’ ഗ്യാലറി | 400 | 800 |
| ഒന്നാം നില ‘ഡി’ ഗ്യാലറി | 1600 | 3200 |
| ഒന്നാം നില ‘ഇ’ ഗ്യാലറി | 600 | 1200 |
| **ആർട്ട് ഗ്യാലറി, കോഴിക്കോട് (0495-2723352)** | | |
| താഴത്തെ നില ‘എ’ ഗ്യാലറി | 400 | 800 |
| താഴത്തെ നില ‘ബി’ ഗ്യാലറി | 400 | 800 |
| ഒന്നാം നില ‘ഡി’ ഗ്യാലറി | 400 | 800 |
| ഒന്നാം നില ‘ഇ’ ഗ്യാലറി | 400 | 800 |
| **ആർട്ട് ഗ്യാലറി, തൃശൂർ (0487-2333773)** | 700 | 1400 |

എറണാകുളം ഡർബാർഹാൾ കലാകേന്ദ്രം, തൃശൂർ ആർട്ട് ഗ്യാലറി, കോഴിക്കോട് ആർട്ട് ഗ്യാലറി ചിത്രങ്ങൾ ഒട്ടിക്കുന്നതിനുള്ള ഫോറം

6 x 4 സൈസിലുള്ള ചിത്രങ്ങൾ ഒട്ടിച്ച് ഉള്ളടക്കം ചെയ്യുക

**കലാകാരന്റെ പേര് :** **കലാസൃഷ്ടിയുടെ പേര് :**

**മാദ്ധ്യമം :** **സൈസ് :** **കൊല്ലം :**

6 x 4 സൈസിലുള്ള ചിത്രങ്ങൾ ഒട്ടിച്ച് ഉള്ളടക്കം ചെയ്യുക

**കലാകാരന്റെ പേര് :** **കലാസൃഷ്ടിയുടെ പേര് :**

**മാദ്ധ്യമം :** **സൈസ് :** **കൊല്ലം :**

എറണാകുളം ഡർബാർഹാൾ കലാകേന്ദ്രം, തൃശൂർ ആർട്ട് ഗ്യാലറി, കോഴിക്കോട് ആർട്ട് ഗ്യാലറി ചിത്രങ്ങൾ ഒട്ടിക്കുന്നതിനുള്ള ഫോറം

6 x 4 സൈസിലുള്ള ചിത്രങ്ങൾ ഒട്ടിച്ച് ഉള്ളടക്കം ചെയ്യുക

**കലാകാരന്റെ പേര് :** **കലാസൃഷ്ടിയുടെ പേര് :**

**മാദ്ധ്യമം :** **സൈസ് :** **കൊല്ലം :**

6 x 4 സൈസിലുള്ള ചിത്രങ്ങൾ ഒട്ടിച്ച് ഉള്ളടക്കം ചെയ്യുക

**കലാകാരന്റെ പേര് :** **കലാസൃഷ്ടിയുടെ പേര് :**

**മാദ്ധ്യമം :** **സൈസ് :** **കൊല്ലം :**

എറണാകുളം ഡർബാർഹാൾ കലാകേന്ദ്രം, തൃശൂർ ആർട്ട് ഗ്യാലറി, കോഴിക്കോട് ആർട്ട് ഗ്യാലറി ചിത്രങ്ങൾ ഒട്ടിക്കുന്നതിനുള്ള ഫോറം

6 x 4 സൈസിലുള്ള ചിത്രങ്ങൾ ഒട്ടിച്ച് ഉള്ളടക്കം ചെയ്യുക

**കലാകാരന്റെ പേര് :** **കലാസൃഷ്ടിയുടെ പേര് :**

**മാദ്ധ്യമം :** **സൈസ് :** **കൊല്ലം :**

**മേൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.**

**(പേരും ഒപ്പും)**

---

**ഓഫീസ് ആവശ്യത്തിന്**

☐ **അംഗീകരിച്ചു** ☐ **തിരസ്കരിച്ചു**

**സെക്രട്ടറി**
**കേരള ലളിതകലാ അക്കാദമി**